പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ :195 05.02.2018 ലെ മറുപടിക്ക്

**ചകിരിയുടെ വിലവർദ്ധന**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സമീപകാലത്ത് ചകിരിയുടെ വില ക്രമാതീതമായി വർദ്ധിച്ചത് സംസ്ഥാനത്തെ കയർപിരി, ചെറുകിട ഉത്പാദന മേഖലകളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ; | എ) സമീപകാലത്ത് ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ച വരുന്നുണ്ട്. ചകിരി ക്ഷാമം പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലെ പ്രതിസന്ധി തരണം ചെയ്യുന്നതിന് കയർഫെഡിന്റെ നേതൃത്വത്തിൽ ആഗോള ടെൻഡർ ക്ഷണിച്ച് കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾക്ക് ചകിരി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കയർഫെഡ് യഥാസമയം ചകിരി സംഭരിച്ച് വിതരണം ചെയ്തത് വിലക്കയറ്റ പ്രവണതയെ പിടിച്ചു നിറുത്താൻ സഹായിച്ചു. |
| ബി) ചകിരിയുടെ വിലവർദ്ധന നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | ബി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ |

| | |
|---|---|
| | കഴിയുന്ന ഡി.എഫ് യൂണിറ്റ് സ്ഥാപിക്കുന്നു.<br><br>കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന മൂന്നുവർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ ചകിരിക്ഷാമത്തിന് പരിഹാരം കാണുന്നതിനായി ചകിരി ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആഗോള ടെൻഡർ വിളിച്ച് കയർഫെഡ് വഴി സംഘങ്ങൾക്ക് ചകിരി ന്യായവിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കയർഫെഡ് ചകിരി വിതരണം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ